21/2/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **CP.No. 1386(5)/17/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 14412/SIC-G7/2017**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2022**

| | |
|---|---|
| **ശ്രീ. അയ്യപ്പസ്വാമി. എസ്,**<br>**കൃഷ്ണശ്രീ,**<br>**സൗത്ത് വില്ലേജ്,**<br>**പല്ലാവൂർ പി.ഒ, പാലക്കാട്.** | **പരാതി ഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**<br>**ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യം,**<br>**തിരുവനന്തപുരം. – 695 014** | **എതിർകക്ഷി** |

## ഉത്തരവ്

1. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദാമായി പരിശോധിച്ചു. പരാതിക്കാരൻ 22.09.2017 തീയതിയിലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് 08.12.2011 തീയതിയിലെ GO(Rt) No. 4228/2011/H&FWD ഉത്തരവുമായി ബന്ധപ്പെട്ട 7 വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ 10.11.2017 തീയതി പരാതി സമർപ്പിക്കുകയും ഉണ്ടായി. സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പരാതി ഹർജി സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിയുകയുണ്ടായില്ല.
3. 16.08.2022 തീയതി നടന്ന നേർവിചാരണയിൽ പരാതിഹർജിക്കാരനും എസ്.പി.ഐ. ഒയും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 21.10.2017 തീയതി ഇതുമായി ബന്ധപ്പെട്ട് ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുമില്ല എന്നാണ് എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചത്.

4. വിവരാവകാശ അപേക്ഷയ്ക്ക് കാരണമായ 08.12.2011 തീയതിയിലെ ഉത്തരവ് വച്ച് പെൻഷൻ നിഷേധിച്ചുവെന്നും വിവരം നൽകിയിട്ടില്ല എന്നും ഓർഡർ നടപ്പിലാക്കുന്നത് ടി ഓഫീസിൽ ആയതുകൊണ്ടാണ് വിവരാവകാശ അപേക്ഷ നൽകാനിടയായതെന്നും അപ്പീൽ അധികാരിയുടെ വിവരം ഉണ്ടായിട്ടും ഒന്നാം അപ്പീൽ സമർപ്പിക്കാതിരുന്നത് ആദ്യ അപേക്ഷയ്ക്ക് കൃത്യമായ വിവരം നൽകാത്തതതിനാലുമാണെന്ന് ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചു.

5. 21.10.2017 തീയതി എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ ചോദ്യം 1 ഒഴികെ 2 മുതൽ 7 വരെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുമെന്നാണ് അറിയിക്കുന്നത്. ബന്ധപ്പെട്ട സ്ഥാപനം ഏതാണെന്ന് വ്യക്തമായ വിവരം രേഖപ്പെടുത്തി ഹർജിക്കാരനെ അറിയിക്കേണ്ടുന്നതിന് പകരം ഇത്തരത്തിൽ ഒരു മറുപടി നൽകിയിട്ടുള്ളത് വിവരനിക്ഷേധമായിട്ട് കമ്മീഷൻ വിലയിരുത്തുന്നു. മാത്രവുമല്ല ഉത്തരവ് നടപ്പിലാക്കേണ്ടുന്ന അതോറിറ്റി ഡി.എം.ഒ ആണെന്നും കമ്മീഷൻ വിലയിരുത്തുന്നു. അപേക്ഷ പരിശോധിച്ച് വിവരം ഹർജിക്കാരനെ അറിയിക്കുന്നതിന് പകരം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിവരം ലഭിക്കും എന്ന് മറുപടി നൽകുക വഴി പൗരന്റെ അറിയാനുള്ള അവകാശത്തെ നിക്ഷേധിക്കുകയാണ് എസ്.പി.ഐ.ഒ ചെയ്തിട്ടുള്ളത്. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് വ്യക്തമായ വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് ബാദ്ധ്യതയുണ്ട്. ഇത്തരത്തിലുള്ള വിവര നിക്ഷേധം ഗുരുതര വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപേക്ഷയുമായി വസ്തുതകൾ വിലയിരുത്തി താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ ഹിയറിംഗ് സമയത്ത് എസ്.പി.ഐ.ഒയ്ക്ക് വാക്കാൽ നിർദ്ദേശം നൽകിയിരുന്നു.

   a. അപേക്ഷയിലെ 2,3,4,5,6,7 ചോദ്യങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഏതാണെന്ന് വ്യക്തമായ വിവരം നൽകുക
   b. 08.12.2011 തീയതിയിലെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 3 പേരുടെ സർവ്വീസ് ബുക്ക് പരിശോധിച്ച് വിവരം നൽകുക

7. കമ്മീഷന്റെ വാക്കാൽ നിർദ്ദേശം നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് സഹിതം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി. ഐ.ഒയ്ക്ക് നിർദ്ദേശം കൊണ്ട് **ഈ പരാതി ഹർജിയിൻമേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 –ാം തീയതി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)